**മധുരമായ കുട്ടികളേ, നിങ്ങൾ ഒരിക്കലും പഠിത്തം മുടക്കരുത്, പഠിത്തത്തിലൂടെ തന്നെയാണ് സ്കോളർഷിപ്പ് ലഭിക്കുന്നത് അതുകൊണ്ട് ബാബയിലൂടെ ലഭിക്കുന്ന ജ്ഞാനത്തെ മനസ്സിലാക്കൂ.**

**ചോദ്യം** : യോഗ്യരായ ബ്രാഹ്മണർ എന്ന് ആരെയാണ് പറയുന്നത്? അവരുടെ ലക്ഷണം കേൾപ്പിക്കൂ?
**ഉത്തരം** : 1. യോഗ്യരായ ബ്രാഹ്മണരുടെ കണ്ഠത്തിൽ ബാബയുടെ ഗീതാ ജ്ഞാനം ഹൃദിസ്ഥമായിരിക്കും. 2. അവർ അനേകരെ തനിക്ക് സമാനമാക്കികൊണ്ടിരിക്കും 3. അനേകർക്ക് ജ്ഞാന ധനത്തിന്റെ ദാന പുണ്യം നടത്തും. 4. ഒരിക്കലും പരസ്പരം അഭിപ്രായ വ്യത്യാസത്തിൽ വരില്ല. 5. ഏതെങ്കിലും ദേഹധാരിയിൽ ബുദ്ധി കുടുങ്ങുകയില്ല 6. ബ്രാഹ്മണർ അർത്ഥം അവരിൽ യാതൊരു ഭൂതവും ഉണ്ടായിരിക്കില്ല, അവർ ദേഹത്തിന്റെ അഹങ്കാരം ഉപേക്ഷിച്ച് ആത്മാ അഭിമാനിയായിരിക്കുവാനുള്ള പുരുഷാർത്ഥം ചെയ്യും.

**ഓംശാന്തി**. ബാബ തന്റെയും സൃഷ്ടി ചക്രത്തിന്റെയും പരിചയം നല്കിയിരിക്കുന്നു. സൃഷ്ടി ചക്രം അതുപോലെ ആവർത്തിക്കും എന്നത് കുട്ടികളുടെ ബുദ്ധിയിൽ മനസ്സിലായി. നാടകത്തിനനുസരിച്ച് മോഡലുകൾ ഉണ്ടാക്കുന്നു. അത് പിന്നെ ആവർത്തിക്കും. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഈ ചക്രം കറങ്ങികൊണ്ടിരിക്കണം. നിങ്ങളുടെ പേര് തന്നെ സ്വദർശന ചക്രധാരി എന്നാണ്. അപ്പോൾ ബുദ്ധിയിൽ ഇത് കറങ്ങികൊണ്ടിരിക്കണം. ബാബയിൽ നിന്നും ലഭിക്കുന്ന ജ്ഞാനത്തെ മനസ്സിലാക്കണം. അന്തിമത്തിൽ ബാബയുടെയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെയും ഓർമ്മ മാത്രമുണ്ടാകുന്ന തരത്തിൽ മനസ്സിലാക്കണം. കുട്ടികൾക്ക് വളരെ നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യണം. ഇത് പഠിത്തമാണ്. കുട്ടികൾക്കറിയാം ഈ പഠിത്തം നിങ്ങൾ ബ്രാഹ്മണർ അല്ലാതെ മറ്റാരും അറിയുന്നില്ല. വർണ്ണങ്ങളുടെ വ്യത്യാസവുമുണ്ടല്ലോ. മനുഷ്യർ ചിന്തിക്കുന്നത് നമ്മൾ എല്ലാവരും ചേർന്ന് ഒന്നായിത്തീരണം എന്നാണ്. ഈ ലോകം മുഴുവൻ ഒന്നാവുക എന്നത് സാധ്യമല്ല. ഇവിടെ വിശ്വം മുഴുവൻ ഒരു രാജ്യവും ഒരു ധർമ്മവും ഒരു ഭാഷയും വേണം. അത് സത്യയുഗത്തിലായിരുന്നു. വിശ്വത്തിന്റെ ചക്രവർത്തിയായിരുന്നു, അതിന്റെ അധികാരി ഈ ലക്ഷ്മീ നാരായണനായിരുന്നു. വിശ്വത്തിൽ ശാന്തിയുടെ രാജ്യം ഇതാണ് എന്നത് നിങ്ങൾ പറഞ്ഞ് കൊടുക്കണം.ഭാരതത്തിന്റെ മാത്രം കാര്യമാണ്, ഇവരുടെ രാജ്യമാകുമ്പോൾ വിശ്വം മുഴുവൻ ശാന്തിയുണ്ടാകുന്നു. ഇത് നിങ്ങൾ അല്ലാതെ മറ്റാരും അറിയുന്നില്ല. സർവ്വരും ഭക്തരാണ്. വ്യത്യാസവും നിങ്ങൾ കാണുന്നുണ്ട്. ഭക്തി വേറെയാണ് ജ്ഞാനം വേറെയാണ്. ഭക്തി ചെയ്തില്ല എന്ന് വച്ച് ഭൂതവും പ്രേതവുമൊന്നും പിടിക്കില്ല. നിങ്ങൾ ബാബയുടേതായിരിക്കുകയാണ്. നിങ്ങളിലുള്ള ഭൂതമെല്ലാം ഇല്ലാതാകണം. ദേഹ അഹങ്കാരമാണ് ആദ്യ നമ്പർ ഭൂതം. ഇതിനെ ഇല്ലാതാക്കുന്നതിന്ന വേണ്ടിയാണ് ബാബ ദേഹി അഭിമാനിയാക്കികൊണ്ടിരിക്കുന്നത്. ബാബയെ ഓർമ്മിക്കുന്നതിലൂടെ യാതൊരു ഭൂതവും മുന്നിൽ വരില്ല. 21 ജന്മങ്ങളിലേക്കു യാതൊരു ഭൂതവും വരില്ല. ഈ 5 ഭൂതങ്ങൾ രാവണ സമ്പ്രദായത്തിലേതാണ്. രാവണ രാജ്യം എന്ന് വിളിക്കുന്നു. രാമ രാജ്യം വേറെയാണ് രാവണ രാജ്യം വേറെയാണ്. രാവണ രാജ്യത്തിൽ ഭ്രഷ്ടാചാരികളും രാമ രാജ്യത്തിൽ ശ്രേഷ്ഠാചാരികളുമായിരിക്കും. ഇതിന്റെ വ്യത്യാസവും നിങ്ങൾക്കല്ലാതെ മറ്റാർക്കും അറിയില്ല. നിങ്ങളിലും സമർത്ഥരായിട്ടുള്ളവർക്ക് നല്ല രീതിയിൽ മനസ്സിലാക്കുവാൻ സാധിക്കും കാരണം മായയാകുന്ന പൂച്ചയും ചെറുതല്ല. ഇക്കിടക്കു പഠിത്തം ഉപേക്ഷിക്കുന്നു, സെന്ററിലും പോകില്ല,ദൈവീക ഗുണവും ധാരണ ചെയ്യുന്നില്ല. കണ്ണുകളും ചതിക്കുന്നു. ഏതെങ്കിലും നല്ല വസ്തു കണ്ടാൽ കഴിക്കുന്നു. നിങ്ങൾ കുട്ടികളുടെ ലക്ഷ്യം (ലക്ഷ്മീ നാരായണൻ ) ഇതാണ് എന്നത് ബാബ പറഞ്ഞ് തരുന്നു. നിങ്ങൾക്ക് അങ്ങനെ ആകണം . അങ്ങനെയുള്ള ദൈവീക ഗുണം ധാരണ ചെയ്യണം, രാജാവിനെയും റാണിയേയും പോലെ എല്ലാ പ്രജകളിലും ദൈവീക ഗുണങ്ങൾ ഉണ്ടായിരിക്കും. അവിടെ ആസുരീയ ഗുണം ഉണ്ടായിരിക്കില്ല. അസുരന്മാർ ഉണ്ടായിരിക്കില്ല. നിങ്ങൾ ബ്രഹ്മാകുമാരന്മാരും കുമാരിമാരും അല്ലാതെ ഈ കാര്യങ്ങൾ മനസ്സിലാക്കുന്ന മറ്റാരും ഇല്ല. നിങ്ങൾക്ക് ശുദ്ധമായ അഹങ്കാരമുണ്ട്. നിങ്ങൾ ആസ്തികരായി. കാരണം മധുര മധുരമായ ആത്മീയ അച്ഛന്റേതായിരിക്കുന്നു. ഇതും അറിയുന്നുണ്ട്, ഏതെങ്കിലും ദേഹധാരിക്ക ഒരിക്കലും രാജയോഗത്തിന്റെ ജ്ഞാനമോ ഓർമ്മയുടെ യാത്രയോ പഠിപ്പിക്കുവാൻ സാധിക്കില്ല. ഒരു ബാബ തന്നെയാണ് പഠിപ്പിക്കുന്നത്. നിങ്ങൾ പഠിച്ചിട്ട് പിന്നെ മറ്റുള്ളവരെ പഠിപ്പിക്കുന്നു. നിങ്ങളെ ഇത് ആരാണ് പഠിപ്പിച്ചത് എന്ന് നിങ്ങളോട് ചോദിക്കും. നിങ്ങളുടെ ഗുരു ആരാണ്, കാരണം ടീച്ചർ ആദ്ധ്യാത്മിക കാര്യങ്ങൾ പഠിപ്പിക്കില്ല,ഇത് ഗുരു തന്നെയാണ് പഠിപ്പിക്കുന്നത്. നമ്മുടേത് ഗുരു അല്ല,നമ്മുടേത് സത്ഗുരുവാണ് ബാബയെ സത്ഗുരു എന്നു വിളിക്കുന്നു. ഡ്രാമയനുസരിച്ച് സത്ഗുരു സ്വയം വന്ന് പരിചയം നൽകുന്നു പിന്നെ എന്തെല്ലാം

കേൾപ്പിക്കുന്നുവോ അതെല്ലാം സത്യമായിട്ടുള്ളതാണ് പറഞ്ഞ് തരുന്നത് പിന്നെ സത്യഖണ്ഡത്തിലേക്കു കൊണ്ട് പോകുന്നു. സത്യമായിട്ടുള്ളത് ഒന്ന് തന്നെയാണ്. ഏതെങ്കിലും ദേഹധാരിയെ ഓർമ്മിക്കുന്നത് അസത്യമാണ്. ഇവിടെ നിങ്ങൾക്ക് ഒരു ബാബയെ തന്നെയാണ് ഓർമ്മിക്കേണ്ടത്. സർവ്വ ആത്മാക്കളും ജ്യോതിർ ബിന്ദുവാണ് അതുപോലെ ബാബയും ജ്യോതിർ ബിന്ദുവാണ്. ഓരോ ആത്മാവിന്റെയും സംസ്കാരവും കർമ്മവും അവരവരുടേതാണ്. ഒരുപോലെയുള്ള സംസ്കാരം ആയിരിക്കില്ല. ഒരു പോലെയുള്ള സംസ്കാരമാണെങ്കിൽ സ്വഭാവവും ഒരു പോലെയായിരിക്കും. ഒരിക്കലും ഒരു പോലെയുള്ള സ്വഭാവം ആയിരിക്കില്ല. തീർച്ചയായും വ്യത്യാസം ഉണ്ടാകും.

ഈ ഒരു നാടകമാണുള്ളത്. സൃഷ്ടിയും ഒന്ന് തന്നെയാണ്,അനേകമല്ല. മുകളിലും താഴെയും ലോകമുണ്ട് എന്ന് വെറുതെ പറയുന്നതാണ്. മുകളിൽ നക്ഷത്രങ്ങളുടെ ലോകമാണ്. ബാബ ചോദിക്കുന്നു ഇത് ആരാണ് പറഞ്ഞത്?ശാസ്ത്രങ്ങളുടെ പേര് പറയുന്നു. ഏതെങ്കിലും മനുഷ്യനായിരിക്കുമല്ലോ ശാസ്ത്രങ്ങൾ എഴുതിയത്. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ് എന്ന് നിങ്ങൾക്കറിയാം. ഒരോ സെക്കന്റും മുഴുവൻ ലോകത്തിന്റെയും പാർട്ട് നടന്ന് കൊണ്ടിരിക്കുന്നു, ഇതും ഡ്രാമയിൽ ഉണ്ടാക്കപ്പെട്ട കളിയാണ്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് – ഈ ചക്രം എങ്ങനെയാണ് കറങ്ങുന്നത്,ഏതെല്ലാം മനുഷ്യരുണ്ടോ അവർ എങ്ങനെയാണ് പാർട്ട് അഭിനയിക്കുന്നത്?ബാബ പറയുന്നു സത്യയുഗത്തിൽ നിങ്ങൾക്ക് മാത്രമാണ് പാർട്ടുള്ളത്. നമ്പർവാറായി പാർട്ട് അഭിനയിക്കുവാൻ വരുന്നു. ബാബ എത്ര നല്ല രീതിയിൽ മനസ്സിലാക്കിച്ച് തരുന്നു.നിങ്ങൾ കുട്ടികൾ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കണം. വലിയ വലിയ സെന്ററുകൾ തുറക്കും അപ്പോൾ അവിടെ വലിയ വലിയ ആൾക്കാർ വരും. പാവപ്പെട്ടവരും വരും. പാവപ്പെട്ടവരുടെ ബുദ്ധിയിൽ പെട്ടെന്ന് ഇത് മനസ്സിലാകും. വലിയ വലിയ ആൾക്കാർ വരുന്നുണ്ട് പക്ഷേ സമയം ഇല്ല എന്ന് പറയുന്നു. നമ്മൾ നല്ല രീതിയിൽ പഠിക്കും എന്ന് പ്രതിജ്ഞ ചെയ്യുന്നു, അഥവാ പഠിച്ചില്ലായെങ്കിൽ കഷ്ടപ്പെടേണ്ടി വരുന്നു. മായ തന്റെ ഭാഗത്തേയ്ക്ക് കൂടുതൽ പിടിച്ച് വലിക്കുന്നു. ധാരാളം കുട്ടികൾ പഠിത്തം മതിയാക്കുന്നു. പഠിത്തം മിസ്സ് ചെയ്യുകയാണെങ്കിൽ തീർച്ചയായും തോൽക്കും. സ്കൂളിലും നല്ല നല്ല കുട്ടികൾ ഒരിക്കലും വിവാഹത്തിന് പോകുവാനോ അവിടെയും ഇവിടെയും പോകാനോ ഒന്നും അവധി എടുക്കാറില്ല. നമ്മൾ നല്ല രീതിയിൽ പഠിച്ച് സ്കോളർഷിപ്പ് നേടും എന്നത് ബുദ്ധിയിൽ ഉണ്ടായിരിക്കും അതുകൊണ്ട് പഠിക്കുന്നു. മുടക്കുന്നതിനെകുറിച്ച് ചിന്തിക്കുക പോലുമില്ല. അവർക്ക് പഠിത്തമല്ലാതെ മറ്റൊന്നും പ്രിയപ്പെട്ടതായിരിക്കില്ല. സമയം വെറുതെ നഷ്ടമാകും എന്ന് മനസ്സിലാക്കും. ഇവിടെ ഒരേയൊരു ടീച്ചറാണ് പഠിപ്പിക്കുന്നത് അതുകൊണ്ട് ഒരിക്കലും പഠിത്തം മുടക്കരുത്. ഇവിടെയും പുരുഷാർത്ഥത്തിന്റെ ക്രമമനുസരിച്ച് തന്നെയാണ്. നല്ല രീതിയിൽ പഠിക്കുന്നവരാണെങ്കിൽ പഠിപ്പിക്കുന്നവർക്കും ഇഷ്ടപ്പെടും. ടീച്ചറിന്റെ പേര് പ്രശസ്തമാകുന്നു. ഗ്രേഡ് ഉയരുന്നു. ഉയർന്ന പദവി ലഭിക്കുന്നു. ഇവിടെയും കുട്ടികൾ എത്രത്തോളം പഠിക്കുന്നുവോ അത്രയും ഉയർന്ന പദവി നേടുന്നു. ഒരു ക്ലാസ്സിൽ തന്നെ ചിലർ പഠിച്ച് ഉയർന്ന പദവി നേടുന്നു ചിലർ കുറഞ്ഞ പദവി. സർവ്വരും ഒരുപോലെയല്ല സമ്പാദിക്കുന്നത്. ബുദ്ധിയുടെ ആധാരത്തിലാണ്. അത് മനുഷ്യർ മനുഷ്യരെ പഠിപ്പിക്കുന്നതാണ്. പരിധിയില്ലാത്ത അച്ഛൻ നമ്മളെ പഠിപ്പിക്കുകയാണ് അതുകൊണ്ട് നല്ല രീതിയിൽ പഠിക്കണം എന്നത് നിങ്ങൾക്കറിയാം. തെറ്റുകൾ ചെയ്യരുത്. പഠിത്തം ഉപേക്ഷിക്കരുത്. തെറ്റായ കാര്യങ്ങൾ കേൾപ്പിച്ച് പരസ്പരം ചതിക്കുന്നവരും ആകാറുണ്ട്. മറ്റുള്ളവരുടെ അഭിപ്രായം അനുസരിച്ച് നടക്കരുത്. ശ്രീമതത്തിനെ കുറിച്ച് ആര് എന്ത് പറഞ്ഞാലും,നിങ്ങൾക്ക് നിശ്ചയമുണ്ട് – ബാബ നമ്മളെ പഠിപ്പിക്കുന്നു അതുകൊണ്ട് ആ പഠിത്തം ഉപേക്ഷിക്കരുത്. കുട്ടികൾ നമ്പർ അനുസരിച്ചാണ്, ബാബ ഒന്നാമത്തതാണ്. ഈ പഠിത്തം ഉപേക്ഷിച്ച് പിന്നെ എങ്ങോട്ട് പോകും! മറ്റൊരിടത്ത് നിന്നും ഈ പഠിത്തം കിട്ടുകയില്ല. ശിവബാബയിൽ നിന്നും പഠിക്കണം. ശിവബാബയുമായിട്ട് വ്യാപാരം നടത്തണം. ചിലർ തെറ്റായ കാര്യങ്ങൾ കേൾപ്പിച്ച് മറ്റുള്ളവരുടെ മുഖം തിരിപ്പിക്കുന്നു. ഇത് ശിവബാബയുടെ ബാങ്കാണ്. ആരെങ്കിലും പുറത്ത് സത്സംഗം ആരംഭിച്ചിട്ട് പറയുകയാണ് നമുക്ക് ശിവബാബയുടെ ബാങ്കിൽ നിക്ഷേപിക്കണം എന്ന് പറഞ്ഞാൽ എങ്ങനെ സാധിക്കും? വരുന്ന കുട്ടികൾ ശിവബാബയുടെ ഭണ്ഡാരത്തിലാണിടുന്നത്. ഒരു പൈസയാണിടുന്നതെങ്കിലും നൂറ് മടങ്ങായിട്ടാണ് ലഭിക്കുന്നത്. ശിവബാബ പറയുന്നു നിങ്ങൾക്ക് ഇതിനു പകരം കൊട്ടാരങ്ങൾ ലഭിക്കും. ഈ ലോകം മുഴുവൻ നശിക്കുവാൻ പോകുന്നതാണ്. നല്ല നല്ല ധനവാന്മാരായിട്ടുള്ള കുടുംബങ്ങളിൽ നിന്നും ധാരാളം പേർ വരുന്നുണ്ട്. നമ്മളെ ശിവബാബയുടെ ഭണ്ഡാരിയിൽ നിന്നും അല്ല പാലിക്കുന്നത് എന്ന് ആരും പറയില്ല. സർവ്വരേയും പാലിച്ച് കൊണ്ടിരിക്കുന്നു. ചിലർ ദരിദ്രരാണ്,ചിലർ സമ്പന്നരാണ്. സമ്പന്നരിൽ നിന്നുമാണ് ദരിദ്രരുടെ പാലന നടക്കുന്നത്. ഇതിൽ ഭയപ്പെടേണ്ട കാര്യമില്ല. നമ്മൾ ബാബയുടേതാകണം എന്ന് ധാരാളം പേർ ആഗ്രഹിക്കുന്നുണ്ട്. എന്നാൽ യോഗ്യരുമായിരിക്കണം. ആരോഗ്യവും ആവശ്യമാണ്. ജ്ഞാനവും കൊടുക്കുവാൻ സാധിക്കണം. സർക്കാരും നിറയെ ടെസ്റ്റുകൾ നടത്തും. ഇവിടെയും എല്ലാം നോക്കാറുണ്ട്. സേവനം ചെയ്യാൻ കഴിയുമോ. ക്രമാനുസൃതമാണ്.

എല്ലാവരും അവരവരുടേതായ പുരുഷാർത്ഥം ചെയ്യുകയാണ്. ചിലർ നല്ല പുരുഷാർത്ഥം ചെയ്ത്–ചെയ്ത് പിന്നെ മുടങ്ങുന്നു. കാരണം കൊണ്ടോ – ഒരു കാരണവുമില്ലാത്തതു കൊണ്ടോ വരാതിരിക്കുന്നു പിന്നെ ആരോഗ്യവും അതു പോലുള്ളതായിരിക്കും. സദാ ആരോഗ്യമുള്ളവരാകാൻ വേണ്ടി ഇതെല്ലാം പഠിപ്പിക്കുകയാണ്. ആർക്കാണോ താൽപ്പര്യം ഉള്ളത്, ഓർമ്മയിലൂടെ മാത്രമേ തങ്ങളുടെ പാപം നശിക്കുകയുള്ളൂ എന്നറിയുന്നവർ, അവർ നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യുന്നു. ചിലരാണെങ്കിൽ ഒന്നും അറിയാതെ സമയം പാഴാക്കുന്നു. അവരവരുടെ പരിശോധന നടത്തണം. ബാബ മനസ്സിലാക്കി തരുന്നു തെറ്റ് ചെയ്യുകയാണെങ്കിൽ അത് അറിയാൻ സാധിക്കും–ഇവർക്ക് ആരെയും പഠിപ്പിക്കാൻ കഴിയില്ല.

ബാബ പറയുന്നു 7 ദിവസം കൊണ്ട് നിങ്ങൾക്ക് യോഗ്യരായ ബ്രാഹ്മണനും ബ്രാഹ്മിണിയുമായി മാറണം. പേര് കൊണ്ട് മാത്രം ബ്രാഹ്മണനും ബ്രാഹ്മിണിയും ആയാൽ പോരാ. ബ്രാഹ്മണന്റെയും ബ്രാഹ്മിണിയുടേയും മുഖത്ത് നിന്നും ബാബയുടെ ഗീതാ ജ്ഞാനം മന:പാഠമായിരിക്കണം. ബ്രാഹ്മണരിലും നമ്പർവാർ തന്നെയായിരിക്കും. ഇവിടെയും അങ്ങനെ തന്നെയാണ്. പഠിത്തത്തിൽ ശ്രദ്ധിച്ചില്ലായെങ്കിൽ പിന്നെ എന്താകും. ഓരോത്തർക്കും അവരവരുടെ പുരുഷാർത്ഥം ചെയ്യണം. സേവനത്തിന്റെ തെളിവ് നല്കണം, അപ്പോൾ മനസ്സിലാക്കുവാൻ സാധിക്കും ഇവർ ഈ പദവി നേടും എന്ന്. അവർ പിന്നീട് കൽപ്പ കൽപ്പാന്തരം അങ്ങനെ ആയിത്തീരും. പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നില്ലായെങ്കിൽ, ഞാൻ പൂർണ്ണമായും പഠിക്കുന്നില്ല അതുകൊണ്ട് പഠിപ്പിക്കുവാനും സാധിക്കില്ല എന്നത് മനസ്സിലാക്കണം. ബാബ ചോദിക്കുന്നു, എന്തുകൊണ്ടാണ് പഠിപ്പിക്കുവാൻ യോഗ്യരാകാത്തത്! ഏത് വരെ ബ്രാഹ്മിണിയെ അയക്കും! തനിക്ക് സമാനം ആക്കുന്നില്ല. ആര് നല്ല രീതിയിൽ പഠിക്കുന്നുവോ, അവരെ സഹായിക്കണം. പക്ഷേ ഒരുപാട് പേർ പരസ്പരം അഭിപ്രായ വ്യത്യാസത്തിൽ വരുന്നു. ചിലർ പിന്നീട് പരസ്പര ആകർഷണത്തിൽ വന്ന് പഠിത്തം ഉപേക്ഷിക്കുന്നു. ആര് ചെയ്യുന്നുവോ അവർ നേടുന്നു. മററുള്ളവരുടെ കാര്യങ്ങളിൽ വന്നിട്ട് നിങ്ങൾ പഠിത്തം എന്തിന് ഉപേക്ഷിക്കുന്നു? ഇതും ഡ്രാമയാണ്. ഭാഗ്യത്തിൽ ഇല്ല. ദിന – പ്രതിദിനം പഠിത്തം ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്നു. സെന്റേഴ്സ് തുറക്കുന്നു. ഇത് ശിവബാബയുടെ മുടക്കുമുതലല്ല. മുഴുവനും കുട്ടികളുടെ മുടക്കുംമുതലാണ്. ഈ ദാനം വളരെ ഉയർന്നതാണ്. ഭക്തിയിലെ ദാനത്തിലൂടെ അൽപ്പകാല സുഖമാണ് ലഭിക്കുന്നത്, ഇതിലൂടെ 21 ജന്മത്തെ പ്രാപ്തി ലഭിക്കുന്നു. നിങ്ങൾ അറിയുന്നുണ്ട് നരനിൽ നിന്നും നാരായണനാകുവാനാണ് നമ്മൾ ഇവിടെ വരുന്നത്. അതിനാൽ ആര് നല്ല രീതിയിൽ പഠിക്കുന്നുവോ അവരെ ഫോളോ ചെയ്യൂ. ദിവസവും എത്ര പഠിക്കണം. പ്രത്യേകിച്ചും ദേഹാഭിമാനത്തിൽ വന്ന് വളരെ വഴക്ക് ഉണ്ടാക്കുന്നു. തന്റെ ഭാഗ്യത്തിനോട് പിണങ്ങുന്നു, അതിനാൽ ഭൂരിഭാഗവും മാതാക്കളാണ്. പേരും മാതാക്കളുടേതാണ് പ്രശസ്തമാകുന്നത്. ഡ്രാമയിൽ മാതാക്കളുടെ ഉയർച്ചയും അടങ്ങിയിട്ടുണ്ട്.

അതിനാൽ ബാബ മധുര – മധുരമായ കുട്ടികളോട് പറയുന്നു സ്വയത്തെ ആത്മാവ് എന്ന് മനസിലാക്കിഎന്നെ മാത്രം ഓർമ്മിക്കൂ. ആത്മാ – അഭിമാനിയായിരിക്കൂ. ശരീരം ഇല്ലായെങ്കിൽ മററുള്ളവരുടേത് എങ്ങനെ കേൾക്കും? നമ്മൾ ആത്മാവാണ്, ഇപ്പോൾ നമ്മൾക്ക് തിരിച്ച് പോകണം – ഈ അഭ്യാസം പക്കയാക്കൂ. ബാബ പറയുന്നു ഇതെല്ലാം ത്യാഗം ചെയ്യൂ, ബാബയെ ഓർമ്മിക്കൂ. ഇതിലാണ് മുഴുവൻ ആധാരവും. ബാബ പറയുന്നു നിങ്ങൾ നിങ്ങളുടെ കർമ്മവും ചെയ്യൂ. 8 മണിക്കൂർ ജോലി, 8 മണിക്കൂർ വിശ്രമം, ബാക്കി 8 മണിക്കൂർ ഈ ഗവൺമെന്റിന്റെ സേവനം ചെയ്യൂ. ഇതും നിങ്ങൾ ബാബയുടേതല്ല, മുഴുവൻ വിശ്വത്തിന്റെ സേവനമാണ് ചെയ്യുന്നത്, ഇതിനു വേണ്ടി സമയം കണ്ടെത്തൂ. മുഖ്യമായിട്ടുള്ളത് ഓർമ്മയുടെ യാത്രയാണ്. അതിനാൽ സമയം നഷ്ടപ്പെടുത്തരുത്. ഈ ലോകത്തെ ഗവൺമെന്റിന്റെ 8 മണിക്കൂർ സേവനം ചെയ്യുന്നതിലൂടെ എന്ത് ലഭിക്കുന്നു? 2000, 5000... ഈ ഗവൺമെന്റിന്റെ സേവനം ചെയ്യുന്നതിലൂടെ നിങ്ങൾ കോടിപതിയാകുന്നു.അതിനാൽ ഹൃദയംകൊണ്ട് എത്ര സേവനം ചെയ്യണം. അഷ്ടരത്ന മാകണമെങ്കിൽ 8 മണിക്കൂർ ബാബയെ ഓർമ്മിക്കൂ. ഭക്തി മാർഗ്ഗത്തിൽ ഒരുപാട് ഓർമ്മിച്ചു, സമയം നഷ്ടപ്പെടുത്തി, പക്ഷേ ഒന്നും ലഭിച്ചില്ല. ഗംഗാ സ്നാനം, ജപം തപസ്സ് ഇതിലൂടെ ബാബയെ ലഭിക്കുന്നില്ല, സമ്പത്തും ലഭിക്കുന്നില്ല. ഇവിടെ നിങ്ങൾക്ക് ബാബയിൽ നിന്നും സമ്പത്ത് ലഭിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യസാരം –**

1. ശ്രീമത് ഉപേക്ഷിച്ച് ഒരിക്കലും പരമത്തിലൂടെ നടക്കരുത്. തലതിരിഞ്ഞ കാര്യങ്ങളിൽ വന്ന് പഠിത്തത്തിൽ നിന്നും മുഖം തിരിക്കരുത്. അഭിപ്രായ വ്യത്യാസത്തിൽ വരരുത്.

2. തന്റെ പരിശോധന നടത്തണം അതായത് നമ്മൾ തെററ് ചെയ്യുന്നില്ലല്ലോ? പഠിത്തത്തിൽ പൂർണ്ണ ശ്രദ്ധയുണ്ടോ? സമയം നഷ്ടപ്പെടുത്തുന്നില്ലല്ലോ? ആത്മാഭിമാനിയായോ? ഹൃദയം കൊണ്ട് ആത്മീയ സേവനം ചെയ്യുന്നുണ്ടോ?

**വരദാനം – ആത്മീയ ആധികാരികതയോടൊപ്പം നിരഹങ്കാരിയുമായി സത്യ ജ്ഞാനത്തിന്റെ പ്രത്യക്ഷ സ്വരൂപമായി കാണപ്പെടുന്ന സത്യമായ സേവാധാരിയായി ഭവിക്കൂ.**

എപ്പോൾ വൃക്ഷത്തിൽ മുഴുവൻ പഴങ്ങളുടെയും ആധികാരികത വരുന്നുവോ അപ്പോൾ വൃക്ഷം കുനിഞ്ഞ് പോകുന്നു അതായത് വിനയാന്വിതൻ ആകുന്ന സേവനം ചെയ്യുന്നു. ഇത് പോലെ ആത്മീയ ആധികാരികതയുള്ള കുട്ടികൾ എത്രത്തോളം വലിയ അധികാരിയായോ അത്രയും വിനയമുള്ളവരും സർവ്വരുടേയും സ്നേഹിയുമാകുന്നു. അൽപ്പക്കാല അധികാരികളായ കുട്ടികൾ അഹങ്കാരികളാകുന്നു എന്നാൽ സത്യതയുള്ള അധികാരീ കുട്ടികൾ ആധികാരികതയോടൊപ്പം നിരഹങ്കാരികളുമായിരിക്കും – ഇതാണ് സത്യജ്ഞാനത്തിന്റെ പ്രത്യക്ഷ സ്വരൂപം. സത്യമായ സേവാധാരിയുടെ മനോഭാവം എത്രത്തോളം ആധികാരികതയുള്ളതാണോ അവരുടെ വാക്കുകളിൽ അത്രയും സ്നേഹവും വിനയവും ഉണ്ടായിരിക്കും.

**സ്ലോഗൻ – ത്യാഗമാണ് ഭാഗ്യത്തിന്റെ ആധാരം ത്യാഗമില്ലാതെ ഭാഗ്യം ലഭിക്കില്ല.**